പഠനം ● ഡോ. എം. ഉമർ ചാപ്ര

# ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രത്തിന് മൗലാനാ മൗദൂദിയുടെ സംഭാവനകൾ

**സയ്യിദ്** മൗദൂദി സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്നില്ല. അതിനാൽ സാമ്പത്തിക ശാസ്ത്ര സിദ്ധാന്തങ്ങളൊന്നും നാം അദ്ദേഹത്തിൽനിന്ന് പ്രതീക്ഷിക്കുന്നുമില്ല. പരിഷ്കർത്താവ് എന്ന നിലയിലാണ് അദ്ദേഹം അറിയപ്പെടുന്നത്. ശരീഅത്ത് ലക്ഷ്യംവെക്കുന്ന ഐഹിക ക്ഷേമവും പാരത്രിക മോക്ഷവും മുഴുവൻ സമൂഹത്തിനും യാഥാർഥ്യമാക്കാനായിരുന്നു അദ്ദേഹത്തിന്റെ പരിശ്രമം. അതിനായി ഇസ്‌ലാമിന്റെ ചട്ടക്കൂടിനകത്തുനിന്നുകൊണ്ട് മാനവകുലത്തിന്റെ പ്രശ്നങ്ങളെ മൗദൂദി വിശകലന വിധേയമാക്കി.

നൂറ്റാണ്ടുകളായി കോളനി ഭരണത്തിനടിപ്പെട്ടതിന്റെ ഫലമായി സമൂഹം പൊതുവെയും മുസ്‌ലിം സമുദായം പ്രത്യേകിച്ചും നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന സന്ദർഭത്തിലാണ് മൗദൂദി എന്ന ദാർശനികൻ പിറവിയെടുക്കുന്നത്. ധാർമിക അധഃപതനം, രാഷ്ട്രീയ അനിശ്ചിതത്വം, കർമശാസ്ത്ര വികാസത്തിന്റെ സ്തംഭനം, ദാരിദ്ര്യം, നിരക്ഷരത, വിദ്യാഭ്യാസ കമ്മി, സാമ്പത്തിക അധഃപതനം, അസമത്വം തുടങ്ങിയ പ്രശ്നങ്ങൾ രൂക്ഷമായിരുന്നു അന്ന്. ഇവ മുസ്‌ലിം സമൂഹത്തെ അലട്ടുന്നത് അദ്ദേഹത്തെ വേദനിപ്പിച്ചു.

ഒരു സമൂഹത്തിന്റെ ലോകവീക്ഷണവും കാഴ്ചപ്പാടുമാണ് അതിന്റെ പരിവർത്തനത്തിന് ഹേതുവാകേണ്ടത് എന്ന അടിസ്ഥാന യാഥാർഥ്യം മൗദൂദി തിരിച്ചറിഞ്ഞു. ഏതു വെല്ലുവിളി നേരിടാനും അനുയോജ്യമായ കാഴ്ചപ്പാടും പദ്ധതിയും രൂപപ്പെടുത്തണം. ഭാവിയിൽ നാം എന്താവണം, നമ്മുടെ സ്വപ്നം എന്തായിരിക്കണം എന്നതിനനുസരിച്ചാണ് ലക്ഷ്യം രൂപപ്പെടുക. ലക്ഷ്യം നിർണയിക്കപ്പെടുന്നതിലൂടെ മൊത്തം വിഭവങ്ങളും അതുവഴി തിരിച്ചുവിടാൻ സാധ്യമാവുന്നു. മറ്റു വഴികളിൽ വിഭവങ്ങളുടെ അനാവശ്യ ഉപഭോഗം നിയന്ത്രിക്കപ്പെടുന്നു. എന്നാൽ ഈ ലക്ഷ്യം നിർണയിക്കുകയും യാഥാർഥ്യമാക്കുകയും ചെയ്യുക എന്നത് ഏറെ പ്രയാസകരമാണ്. എന്നാലും ഭാവിയിൽ പ്രതീക്ഷയർപ്പിച്ച് അതിനുള്ള ശ്രമങ്ങൾ തുടരണം. സ്വപ്നം യാഥാർഥ്യമാക്കാനായി സർവ ശ്രമങ്ങളും നടത്തുന്നതിലൂടെ മനുഷ്യ നിലനിൽപുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കും.

ലോക കാഴ്ചപ്പാട്, ലക്ഷ്യം, പദ്ധതി എന്നിവയാണ് രാഷ്ട്രത്തിന്റെ സാമ്പത്തിക നയങ്ങളെ നിർണയിക്കുന്നത്. പദ്ധതികൾ ലക്ഷ്യവുമായി പൊരുത്തപ്പെടുന്നതാണെങ്കിലേ യാഥാർഥ്യമാവുകയുള്ളൂ. സാമ്പത്തിക ശാസ്ത്രത്തിന്റെ പ്രവർത്തനം സമൂഹത്തിന്റെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുള്ളതാണെങ്കിൽ പദ്ധതിയും കാഴ്ചപ്പാടുകളും അതിനനുസരിച്ച് പരുവപ്പെടുകയും വേണം. മുസ്‌ലിം സമുദായത്തിന്റെ കാഴ്ചപ്പാട്, പദ്ധതി, ലക്ഷ്യങ്ങൾ എന്നിവ നിലവിലുള്ള വ്യവസ്ഥകളിൽനിന്ന് വ്യത്യസ്തമായി നിർണയിക്കുകയും അതുവഴി ദിശ കാണിക്കുകയും ചെയ്തു എന്നതാണ് മൗലാനാ മൗദൂദി ലോകത്തിനു നൽകിയ പ്രധാന സംഭാവന.

ഇത് വ്യക്തമാവണമെങ്കിൽ ആ കാലഘട്ടത്തെ സമഗ്രമായി മനസ്സിലാക്കേണ്ടതുണ്ട്. കോളനി ഭരണത്തിന് കീഴിൽ സമുദായത്തിന്റെ അസ്തിത്വം തന്നെ ചോദ്യം ചെയ്യപ്പെട്ടിരുന്ന കാലം. സ്വാതന്ത്ര്യത്തിനു വേണ്ടി മുസ്‌ലിം രാഷ്ട്രങ്ങൾ പൊരുതുമ്പോൾ ലോകമെങ്ങും രണ്ടു ശക്തമായ സമ്പദ്‌വ്യവസ്ഥകൾ നിലനിന്നിരുന്നു. മുതലാളിത്തവും കമ്യൂണിസവും. ഈ വ്യവസ്ഥകൾ നടപ്പിൽ വരുത്തിയ രാഷ്ട്രങ്ങൾ മുസ്‌ലിം രാഷ്ട്രങ്ങളേക്കാൾ സമ്പന്നമായിരുന്നു. നിലവിലുള്ള ഈ വ്യവസ്ഥകളെ പുണരണമോ അതോ ഇസ്‌ലാമിക മൂല്യങ്ങളിൽ ഊന്നിനിന്ന് മറ്റൊന്ന് കെട്ടിപ്പടുക്കണമോ

എന്നതായിരുന്നു സ്വാതന്ത്ര്യം നേടുന്ന മുസ്‌ലിം രാഷ്ട്രങ്ങൾ നേരിട്ട പ്രധാന പ്രശ്നം.

കമ്യൂണിസവും മുതലാളിത്തവും ധാർമികമായ അടിത്തറയിൽ കെട്ടിപ്പടുത്തവയായിരുന്നില്ല. ആ രാജ്യങ്ങളിലുള്ള വ്യക്തികൾ ധാർമിക മൂല്യങ്ങളിൽനിന്ന് മുക്തരാണെന്ന് അതിനർഥമില്ല. സാമൂഹിക സാമ്പത്തിക ലക്ഷ്യങ്ങൾ നിർണയിക്കുന്നതിലും വിഭവങ്ങളുടെ വിന്യാസത്തിലും വിതരണത്തിലും ധാർമിക മൂല്യങ്ങൾക്ക് യാതൊരു പങ്കും നിശ്ചയിച്ചിട്ടില്ല എന്നതു മാത്രമാണ്. മുതലാളിത്തത്തിൽ കമ്പോളത്തിനാണ് അപ്രമാദിത്തമെങ്കിൽ സോഷ്യലിസത്തിൽ അത് ആസൂത്രണത്തിനാണ്. ചോദന പ്രദാനങ്ങളുടെ മത്സരത്തിലൂടെ ലക്ഷ്യത്തിലെത്താമെന്ന് മുതലാളിത്തം കരുതുന്നു. ആസൂത്രണത്തിലൂടെയും ഉൽപാദന കേന്ദ്രീകരണത്തിലൂടെയും ഇത് സാധ്യമാവും എന്നാണ് കമ്യൂണിസത്തിന്റെ സങ്കൽപം. ഇരു വ്യവസ്ഥയിലും ധാർമികതക്ക് യാതൊരു സ്ഥാനവുമില്ല.

വിഭവങ്ങളുടെ കാര്യക്ഷമവും സന്തുലിതവുമായ വിനിയോഗവും വിതരണവും സാധ്യമാക്കുന്നതിന് പ്രചോദനമാവേണ്ട ധാർമികതയെ അവഗണിച്ചതാണ്, അഥവാ സമ്പദ്‌വ്യവസ്ഥയിൽ നിർണായക സ്ഥാനങ്ങൾ അലങ്കരിക്കുന്ന വ്യക്തിയുടെ –ഉപഭോക്താവ്, ഉൽപാദകൻ, തൊഴിലാളി– മനോഭാവ മാറ്റത്തിന് ഊന്നൽ നൽകാതിരുന്നതാണ് മുഴുവൻ പ്രശ്നങ്ങൾക്കും കാരണം. വ്യക്തിയുടെ അഭിരുചി, തെരഞ്ഞെടുപ്പ്, സ്വഭാവം എന്നിവ മുതലാളിത്തം പരിഗണിക്കുന്നു. വ്യക്തിയുടെ പ്രവർത്തനങ്ങൾ സമൂഹക്ഷേമം ഹനിക്കുന്നതാണെങ്കിൽ പോലും ഇടപെടാനോ നിയന്ത്രിക്കാനോ, അത് വ്യക്തി സ്വാതന്ത്ര്യം ഹനിക്കും എന്നതിനാൽ, മുതലാളിത്തം അനുവദിക്കുന്നില്ല. കമ്പോള ശക്തികൾ ആവശ്യാനുസൃതം സാമൂഹിക താൽപര്യങ്ങൾക്കനുസൃതമായി മാറിക്കൊള്ളും എന്നതാണ് ഇവർ വിശ്വസിക്കുന്നത്.

കമ്യൂണിസത്തിലാവട്ടെ വ്യക്തിക്ക് യാതൊരു സ്ഥാനവുമില്ല. വർഗ സംഘട്ടനത്തിൽ വ്യക്തികളുടെ മാറ്റം ഒരു സ്വാധീനവും ചെലുത്തുന്നില്ല എന്നതാണ് അവരുടെ സങ്കൽപം. എല്ലാ ചൂഷണങ്ങളുടെയും ഉത്ഭവ കാരണമായ സ്വകാര്യ ഉടമാവകാശം ഇല്ലാതാവുമ്പോൾ സാമൂഹിക താൽപര്യം സംരക്ഷിക്കപ്പെടും എന്ന് വാദിക്കുന്നു. കമ്പോളത്തിലും രാഷ്ട്രത്തിലും എല്ലാവിധ പ്രവർത്തനങ്ങളുടെയും പ്രഭവകേന്ദ്രമായ കുടുംബത്തിന് രണ്ട് വ്യവസ്ഥയും ഒരു പ്രാധാന്യവും നൽകുന്നില്ല.

സമൂഹത്തിന്റെ ക്ഷേമം എന്നാൽ ആത്മീയവും ഭൗതികവുമായ സൗഖ്യമാണ് എന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. എല്ലാവർക്കും അവർക്കാവശ്യമായ വിഭവങ്ങൾ സമ്പാദിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. ഇസ്‌ലാം നിർദേശിക്കുന്ന മൂല്യങ്ങളും ലക്ഷ്യങ്ങളും മുൻനിർത്തിയാവണം എന്നു മാത്രം. സമൂഹത്തിലെ എല്ലാ അംഗങ്ങളും സാഹോദര്യത്തിന്റെ പാശങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. അവിടെ നീതി പുലരും, എല്ലാവരുടെയും അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിക്കപ്പെടും, സമ്പത്തിന്റെ സന്തുലിത വിതരണം സാധ്യമാവും, കുടുംബബന്ധങ്ങൾ ശക്തമായിരിക്കും, കുറ്റകൃത്യങ്ങളും പ്രശ്നങ്ങളും ലഘൂകരിക്കപ്പെടും. ഇസ്‌ലാമിന്റെ ലോകവീക്ഷണം ധാർമികവും അതേസമയം ഭൗതിക മുഖങ്ങളുള്ളതും എന്നാൽ അവ പരസ്പര ബന്ധിതവുമാണ്. നീതി, സാഹോദര്യം, ക്ഷേമം എന്നിവക്കാണ് പരമമായ ഊന്നൽ. വ്യക്തികളുടെ സംസ്കരണമാണ് മുഖ്യമെങ്കിലും അവന്റെ/ അവളുടെ സ്വഭാവമാണ് മറ്റുള്ളവയെല്ലാം യാഥാർഥ്യമാക്കുന്നത്. കമ്പോളത്തിനോ സ്റ്റേറ്റിനോ സ്വയം നിർവഹിക്കാൻ കഴിയുന്ന ധർമമല്ല ഇത്. മുഴുവൻ ധാർമിക ഭൗതിക പ്രവർത്തനങ്ങളും സമന്വയിപ്പിക്കുമ്പോഴാണ് ഇത് സാധ്യമാവുക.

ഒരു ഭാഗത്ത് ദാരിദ്ര്യം, അശക്തമായ മുസ്‌ലിം രാഷ്ട്രങ്ങൾ; മറു ഭാഗത്ത് സാമ്പത്തിക സുസ്ഥിതിയിലുള്ള മുതലാളിത്ത–കമ്യൂണിസ്റ്റ് വ്യവസ്ഥകൾ. ഇത്തരമൊരു സാഹചര്യത്തിൽ അവയിലൊന്ന് സ്വീകരിക്കുന്നതിനു പകരം ഇതുവരെ പരീക്ഷിക്കപ്പെടാത്ത ഒരു വ്യവസ്ഥയെക്കുറിച്ച് സംസാരിക്കാൻ പോലും ആരും ധൈര്യപ്പെട്ടിരുന്നില്ല. മാത്രമല്ല, ഇസ്‌ലാമിനോട് അഗാധമായ സ്നേഹവും അതിന്റെ പുനരുത്ഥാനത്തിന് ആഗ്രഹവും ഉണ്ടെങ്കിലും മുസ്‌ലിം സമൂഹം ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രത്തിന്റെ ലോക വീക്ഷണവും പദ്ധതികളും കാഴ്ചപ്പാടുകളും തീരെ മനസ്സിലാക്കിയിരുന്നില്ല. അനീതിയിലധിഷ്ഠിതമായ ഈ വ്യവസ്ഥകൾ തുടരണം എന്നാഗ്രഹിക്കുന്ന അകത്തും പുറത്തുമുള്ള സ്വാർഥതാൽപര്യക്കാരായ ഒരു കൂട്ടരുടെ എതിർപ്പുകൾക്ക് മാന്യവും പണ്ഡിതോചിതവുമായി പ്രതികരിക്കേണ്ടതുണ്ടെന്ന ബോധവും അന്നുണ്ടായിരുന്നില്ല. അതിനാൽ ജോലി ഏറെ ഭാരിച്ചതും വെല്ലുവിളി നിറഞ്ഞതുമായിരുന്നു. എന്നാൽ ആരാണ് പൂച്ചക്ക് മണികെട്ടുക?

## മൗദൂദിയുടെ ദൗത്യം

ഈ വെല്ലുവിളി ഏറ്റെടുത്ത പ്രതിഭാശാലിയാണ് മൗദൂദി. വിവിധ മുസ്‌ലിം രാഷ്ട്രങ്ങളിൽ ഉയർന്നുവന്ന ഇസ്‌ലാമിക നവജാഗരണങ്ങൾ, പണ്ഡിതരുടെ ലേഖനങ്ങൾ, ഇന്ത്യാ പാക് ഭൂമികയിൽ അല്ലാമാ ഇഖ്ബാലിന്റെ കവിതകൾ തുടങ്ങിയവയെല്ലാം ചേർന്ന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചിരുന്നു. വിഭജനത്തിന് മുമ്പുള്ള ഇന്ത്യയിൽ ഇസ്‌ലാമിനെ തനതായ രൂപത്തിൽ അവതരിപ്പിച്ചുകൊണ്ടായിരുന്നു മൗദൂദിയുടെ തുടക്കം. തന്റെ തൂലികയും വാക്ചാതുരിയും ഉപയോഗിച്ച് ഇസ്‌ലാമിന്റെ സമഗ്രത, വിവിധ ഭൗതിക വിഷയങ്ങളിൽ ഇസ്‌ലാമിന്റെ കാഴ്ചപ്പാട്, ഇസ്‌ലാമിന്റെ ജീവിതവ്യവസ്ഥ, അവ യാഥാർഥ്യമാക്കാൻ സ്വീകരിക്കേണ്ട രീതി തുടങ്ങിയ കാര്യങ്ങളാണ് അദ്ദേഹം വിശദീകരിച്ചത്. ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥ ഇസ്‌ലാമിക ജീവിതവ്യവസ്ഥയുടെ അവിഭാജ്യ ഘടകമാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. ഇസ്‌ലാമിക വ്യവസ്ഥയുടെ അടിസ്ഥാന തത്ത്വങ്ങൾ, സാമ്പത്തിക ശാസ്ത്ര കാഴ്ചപ്പാടുകൾ തുടങ്ങിയവ 1941-ൽ അലീഗഢ് യൂനിവേഴ്സിറ്റിയിൽ ചെയ്ത ഒരു പ്രസംഗത്തിൽ മൗദൂദി വ്യക്തമാക്കുകയുണ്ടായി. പ്രസംഗങ്ങളിലും ലേഖനങ്ങളിലുമായി മൗദൂദി സമർഥിച്ച കാര്യങ്ങൾ ഇവയായിരുന്നു.

ഇസ്‌ലാമിന്റെ ലോകവീക്ഷണവും കാഴ്ചപ്പാടുകളും ധാർമികതയുടെ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തതും വ്യക്തികളിൽ പരിവർത്തനവും സാഹോദര്യവും നീതിയും യാഥാർഥ്യമാക്കുന്നതിന് ഊന്നൽ നൽകുന്നതുമാണ്. കമ്യൂണിസത്തിൽനിന്നും മുതലാളിത്തത്തിൽനിന്നും ഏറെ വ്യത്യസ്തമാണിത്. മുസ്‌ലിംകളുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ അതിനാൽ മുതലാളിത്തമോ കമ്യൂണിസമോ സഹായകരമല്ല. അതിനാൽ ആത്മീയ ഉന്നമനവും ഭൗതിക വികാസവും സാധ്യമാക്കുന്ന ഇസ്‌ലാമിന്റെ ഉയിർത്തെഴുന്നേൽപിനു വേണ്ടി ശ്രമിക്കണം. അടിസ്ഥാനാവശ്യ പൂർത്തീകരണം, പുനർ വിതരണം, അവസര സമത്വം തുടങ്ങിയവയിൽ ഊന്നി സമൂഹത്തിന്റെ മുഴുവൻ കഴിവുകളും വിഭവങ്ങളും ഉപയോഗപ്പെടുത്താൻ അദ്ദേഹം ആഹ്വാനം ചെയ്തു. ഇസ്‌ലാം ലക്ഷ്യംവെക്കുന്ന ക്ഷേമപൂർണമായ അവസ്ഥ യാഥാർഥ്യമാവണമെങ്കിൽ ഭൗതിക വിഭവങ്ങളുടെ പൂർണമായ ഉപയോഗം അനിവാര്യമാണ്. ദരിദ്രരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിച്ചില്ലെങ്കിൽ വിഭവങ്ങളുടെ പരമാവധി ഉപയോഗം സാധ്യമാവില്ല. സ്വന്തം കാലിൽ നിൽക്കാൻ കഴിയണമെങ്കിൽ വിദ്യാഭ്യാസം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ലളിത ജീവിതശൈലി സ്വീകരിച്ചും ധാർമികത മുഖമുദ്രയാക്കിയും മാത്രമേ ഇത് യാഥാർഥ്യമാക്കാനാവൂ.

## സമഗ്രമായ പരിഷ്കരണം

ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥ എന്ന ലക്ഷ്യം മുന്നിൽ വെക്കുന്നുണ്ടെങ്കിൽ പരിഷ്കരണം വ്യക്തിയിൽനിന്ന് തുടങ്ങണം എന്നതായിരുന്നു മൗദൂദിയുടെ കാഴ്ചപ്പാട്. അത് പുതിയ വീക്ഷണമല്ല. പ്രവാചകന്മാരുടെ പാതയാണ് അദ്ദേഹം പിന്തുടർന്നത്. ഏതൊരു പരിഷ്കരണവും വിജയിക്കുക അത് വ്യക്തിയിൽനിന്ന് തുടങ്ങുമ്പോഴാണ്.

ധാർമിക മൂല്യങ്ങളെ അദ്ദേഹം രണ്ടായി വിഭജിച്ചു, അടിസ്ഥാന മാനുഷിക ഗുണങ്ങളും ഇസ്‌ലാമിക മൂല്യങ്ങളും. തീരുമാനമെടുക്കാനുള്ള കഴിവ്, ധൈര്യം, ആത്മനിയന്ത്രണം, അച്ചടക്കം, സത്യസന്ധത, ആത്മാർഥ തുടങ്ങിയവ ഒന്നാമത്തെ വിഭാഗത്തിൽ പെടുന്നു. ദയ, കാരുണ്യം, ആർത്തിയുടെ നിയന്ത്രണം തുടങ്ങിയവ രണ്ടാമത്തെ ഗണത്തിലും ഉൾപ്പെടുന്നു. ഈ അടിസ്ഥാന ഗുണങ്ങൾ മുസ്‌ലിം സമൂഹത്തിന് നഷ്ടപ്പെട്ടതാണ് മുഴുവൻ അധഃപതനങ്ങളുടെയും മൂല കാരണമെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. സമഗ്രമായ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ പരിഷ്കരണമാണ് ഈ അവസ്ഥ മാറ്റിയെടുക്കാനാവശ്യം. ഇസ്‌ലാമിക ചരിത്രത്തിലെ പ്രമുഖ പണ്ഡിതരായ അബൂയൂസുഫ്, അൽമാവർദി, ഇബ്നു തൈമിയ്യ, ഇബ്നു ഖൽദൂൻ, ഷാ വലിയ്യുല്ല തുടങ്ങിയവരെയാണ് ഇതിന് അദ്ദേഹം മാതൃകയാക്കിയത്. സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അതിനെ മാത്രം അടർത്തിയെടുത്ത് വിശകലന വിധേയമാക്കുകയല്ല അദ്ദേഹം ചെയ്തത്. മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങളും പരസ്പര ബന്ധിതമാണ് എന്നതിനാൽ ഏതെങ്കിലും ഒരു പ്രത്യേക മേഖലയെ മാത്രമെടുത്ത് പരിഹരിക്കാൻ കഴിയില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. 1941-ൽ അലീഗഢിൽ ചെയ്ത പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: "സാമ്പത്തിക പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിലും പരിഹരിക്കുന്നതിലും നാം പരാജയപ്പെടാനിടയായ പ്രധാന കാരണം ജനങ്ങൾ അതിനെ സാമ്പത്തിക കോണിൽ മാത്രം നോക്കിക്കണ്ടതാണ്."

അപ്പോൾ യഥാർഥ പ്രശ്നം സമഗ്രമായ പരിഷ്കരണം എങ്ങനെ സാധ്യമാക്കും എന്നതാണ്.

ഭരണകൂടം ബോധവത്കരിക്കപ്പെടാതിരിക്കുകയും പണ്ഡിതന്മാർ കേവല അപ്രധാന കാര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തപ്പോഴാണ് സമഗ്ര പരിഷ്‌കരണം ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന സംഘടനക്ക് (ജമാഅത്തെ ഇസ്‌ലാമി)രൂപം നൽകാൻ അദ്ദേഹം സന്നദ്ധനായത്.

## കുടുംബം

മനുഷ്യനാണ് സമ്പദ് വ്യവസ്ഥയിലെ അടിസ്ഥാന ബിന്ദു എങ്കിൽ കുടുംബമാണ് വിഭവങ്ങളുടെ പ്രഭവകേന്ദ്രം. മറ്റു സമ്പദ്‌വ്യവസ്ഥകൾ കുടുംബത്തെ പരിഗണിക്കുന്നേയില്ല. കുടുംബം ദുർബലമായാൽ സമൂഹവും രാഷ്ട്രവും സമ്പദ്‌വ്യവസ്ഥയും അതിന്റെ ദുരന്തം അനുഭവിക്കും. നല്ല കുടുംബമാണ് സൃഷ്ടിപരമായ ഗുണങ്ങളുള്ള സമൂഹത്തെ സൃഷ്ടിക്കുക. വ്യക്തികൾക്കിടയിൽ സൗഹൃദാന്തരീക്ഷവും സമൂഹത്തിൽ സഹകരണ മനോഭാവവും ഐക്യവും സൃഷ്ടിക്കാൻ കുടുംബം അനിവാര്യമാണ്. കുടുംബവ്യവസ്ഥകൾ തകർന്നാൽ സൗഹൃദാന്തരീക്ഷം തകരും. വ്യക്തികളുടെ ഗുണം നശിച്ചാൽ സമൂഹത്തിന്റെ സാമ്പത്തിക വശമടക്കം എല്ലാ മേഖലയെയും അത് ബാധിക്കും; സമൂഹത്തിന്റെ കെട്ടുറപ്പിനെ അപകടപ്പെടുത്തും. അതിനാൽ നല്ലൊരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കേണ്ടത് കുടുംബത്തിന്റെ പരിഷ്‌കരണത്തിലൂടെയാണെന്ന് മൗദൂദി ഓർമിപ്പിച്ചു.

## രാഷ്ട്രീയം

നൂറ്റാണ്ടുകൾക്ക് മുമ്പ് ഇബ്നുൽ ഖൽദൂൻ സൂചിപ്പിച്ച പോലെ രാഷ്ട്രീയ അധികാരം വ്യക്തിപരവും സാമൂഹികവുമായ മാറ്റത്തിന് അനിവാര്യമാണെന്ന് മൗദൂദി തിരിച്ചറിഞ്ഞു. രാഷ്ട്രീയ രംഗത്തുനിന്ന് ഇസ്‌ലാമിനെ മാറ്റിയതാണ് ലോകത്ത് നിലനിൽക്കുന്ന ഏതാണ്ടെല്ലാ പ്രശ്നങ്ങളുടെയും മൂലകാരണം. ക്ഷേമ രാഷ്ട്രം കൈവരിക്കണമെങ്കിലും വികസനം യാഥാർഥ്യമാവണമെങ്കിലും രാഷ്ട്രീയ പരിഷ്‌കരണം ആവശ്യമാണ്. സർക്കാറിനെ അട്ടിമറിച്ച് പുതിയതൊന്ന് സ്വീകരിക്കുക എന്ന രീതിയെ അതേസമയം മൗദൂദി വിമർശിക്കുകയും ചെയ്യുന്നു. അക്രമവും ശക്തിപ്രയോഗവും പ്രശ്നങ്ങൾ വർധിപ്പിക്കുകയേ ചെയ്യൂ. ജനാധിപത്യത്തിലൂന്നിയ ക്രമാനുഗതമായ പരിഷ്‌കരണമാണ് ആവശ്യം. പ്രവാചകൻ ചെയ്തതുപോലെ ഹൃദയാന്തരാളങ്ങളിലൂടെയുള്ള വിപ്ലവമാണ് ആവശ്യം. സമൂഹത്തിന് വിദ്യാഭ്യാസം നൽകുക, അനീതിയിൽനിന്ന് അവരെ സംരക്ഷിക്കുക, നേതൃത്വത്തെ പരിഷ്‌കരിക്കുക, ഒടുവിൽ രാഷ്ട്രീയ പരിവർത്തനം ഇതായിരുന്നു അദ്ദേഹത്തിന്റെ പദ്ധതി.

## സാമ്പത്തികം

സാമ്പത്തിക രംഗത്തും ജനാധിപത്യരീതിയിൽ നിന്നുകൊണ്ടുള്ള പരിഷ്‌കരണമാണ് മൗദൂദി വിഭാവന ചെയ്തത്. സ്വകാര്യ ഉടമാവകാശത്തെ ഇസ്‌ലാം അനുവദിക്കുന്നു. വ്യക്തികളുടെ ജീവൻ, അഭിമാനം, സമ്പത്ത് ഇവ സംരക്ഷിക്കുകയെന്നത് ശരീഅത്തിന്റെ ലക്ഷ്യമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. എല്ലാ വിഭവങ്ങളെയും ദേശസാത്കരിക്കുക എന്നത് ഇസ്‌ലാമിക തത്ത്വങ്ങൾക്കെതിരാണ്. വ്യാപാരം, വ്യവസായം, കൃഷി തുടങ്ങിയവ നിന്ത്രിക്കുന്ന അതേ ആളുകൾ തന്നെ സൈന്യം, കോടതി, പാർലമെന്റ് തുടങ്ങിയവ നിയന്ത്രിക്കുന്നത് ഇരു മേഖലയിലും പ്രശ്നങ്ങൾ സൃഷ്ടിക്കും. അതിനാൽ ഉടമാവകാശം സ്വകാര്യ മേഖലക്കാവണം. തീരുമാനങ്ങളെടുക്കാനുള്ള അവകാശം ഏതാനും വ്യക്തികളിൽ കേന്ദ്രീകരിക്കുകയും മറ്റുള്ളവർ അത് പിൻപറ്റുന്നവരാവുകയും ചെയ്യുക എന്നതും അദ്ദേഹം ചോദ്യം ചെയ്തു. സാമൂഹിക-രാഷ്ട്രീയ സ്വാതന്ത്ര്യങ്ങൾ പോലെ പ്രധാനമാണ് തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യവും. അതേസമയം സ്വകാര്യ മേഖലയുടെ പരിധിയിലൊതുങ്ങാത്ത ചില മേഖലകൾ പൊതുതാൽപര്യം മാനിച്ച് സർക്കാറിന്റെ കീഴിൽ കൊണ്ടുവരേണ്ടതുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു.

അപ്പോൾ ന്യായമായും ഒരു ചോദ്യം ഉയർന്നുവരുന്നു. സ്വകാര്യ മേഖലക്ക് വിഭവങ്ങളെ സമൂഹനന്മ ലക്ഷ്യമാക്കി കൈകാര്യം ചെയ്യാനാവുമോ? കമ്യൂണിസത്തിൽ ഇതിനുള്ള ഉത്തരം ഇല്ല എന്നാണ്. എന്നാൽ മുതലാളിത്തത്തിലും ഇസ്‌ലാമിലും അതെ എന്നും. സ്വന്തം താൽപര്യങ്ങളും സമൂഹതാൽപര്യങ്ങളും സംരക്ഷിക്കാൻ മത്സരം മതി എന്നാണ് മുതലാളിത്ത വീക്ഷണം. മത്സരം കൊണ്ട് മാത്രം അത് സാധ്യമാവില്ലെന്ന് മൗദൂദി വ്യക്തമാക്കുന്നു. ഇസ്‌ലാമികമായി സാമൂഹിക പരിവർത്തനം സംഭവിച്ച സമൂഹത്തിലേ മത്സരം മാനുഷികവും നീതിപരവുമാവൂ. പരസ്പര സഹകരണവും സർവസാഹോദര്യവും യാഥാർഥ്യമായാലേ മത്സരം വഴി സമൂഹ നന്മ പുലരൂ. കൈയൂക്കുള്ളവൻ കാര്യക്കാരനായ മുതലാളിത്തത്തേക്കാൾ മനുഷ്യസമൂഹത്തിന് അഭികാമ്യം അതിനാൽ തന്നെ ഇസ്‌ലാമിക

സമ്പദ്‌വ്യവസ്ഥയാണ്. മത്സരത്തെ ഇങ്ങനെ പുനഃസൃഷ്ടിക്കാൻ അദ്ദേഹം നിർദേശിക്കുന്നു. ധാർമികതയിലൂടെയും സർക്കാർ ഇടപെടലുകളിലൂടെയും സ്വകാര്യ ഉടമാവകാശത്തിന്റെ പ്രശ്നങ്ങൾ പരിഹരിച്ച് അതിനെ സന്തുലിതമാക്കാം. ദേശസാത്കരണം ഇതിനൊന്നും പരിഹാരമല്ല എന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

ധാർമികത വ്യക്തിയിൽ ഉത്തരവാദിത്വബോധം വളർത്തും. ഉടമാവകാശം ദൈവത്തിനാണെന്ന കാര്യം അംഗീകരിക്കുന്നതോടെ ദൈവിക സന്നിധിയിൽ കണക്ക് ബോധിപ്പിക്കണമെന്ന ബോധം വളരും. അതോടെ കമ്പോളത്തിൽ പോലും വ്യക്തി താൽപര്യങ്ങളോടൊപ്പം സാമൂഹിക ഉത്തരവാദിത്വങ്ങൾക്കും പ്രാധാന്യം വർധിക്കും. വ്യക്തികളുടെയും സമൂഹത്തിന്റെയും താൽപര്യങ്ങൾ ഒരേ സമയം സംരക്ഷിക്കപ്പെടും. മറ്റൊരർഥത്തിൽ സാമ്പത്തിക- ധാർമിക മൂല്യങ്ങളുടെ ഉൽഗ്രഥനമാണ് ഇതുവഴി സാധ്യമാവുക. മത്സരം മാത്രം ഒരു പ്രശ്നവും പരിഹരിക്കില്ല. സാമ്പത്തിക വശം മൊത്തം ജീവിതത്തിന്റെ ഒരു ഭാഗം മാത്രമാണ് എന്ന ഇസ്‌ലാമിക സങ്കൽപമാണ് ഇതിന് അടിസ്ഥാനം.

ഇത് എത്രത്തോളം യാഥാർഥ്യമാവും എന്നതാണ് പ്രശ്നം. സാമൂഹികമായ ഉദ്ഗ്രഥനവും വിദ്യാഭ്യാസവും കൊണ്ടു മാത്രം ജനങ്ങളുടെ ആർത്തിയും സ്വാർഥതയും ഇല്ലാതാക്കാൻ കഴിയില്ല. അതിന് മറ്റു ചില പ്രചോദനങ്ങളും സാഹചര്യങ്ങളും അനിവാര്യമാണ്. ഇവിടെയാണ് സർക്കാറിന്റെ പങ്ക് പ്രധാനമാവുന്നത്. രാഷ്ട്ര നിയമങ്ങളിൽ ധാർമികമൂല്യങ്ങൾ ഉറപ്പുവരുത്തണം. നിയമനിർമാണസഭ, കോടതി, ഭരണനിർവഹണ വിഭാഗം തുടങ്ങി സർക്കാറിന്റെ മൂന്നു വിഭാഗങ്ങളിലും ഇത് യാഥാർഥ്യമാവുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം. ഇസ്‌ലാമിലെ പൂർവ സൂരികളായ പണ്ഡിതന്മാരും ഇതേ വസ്തുത ഊന്നിപ്പറയുന്നുണ്ട്.

അതേസമയം സർക്കാർ, ശരീഅത്ത് നിശ്ചയിച്ച പരിധി വിടാനും പാടില്ല. അനിവാര്യമായ സന്ദർഭത്തിലാണ് ഇസ്‌ലാം സർക്കാർ ഇടപെടൽ അനുവദിക്കുന്നത്. ധാർമിക പരിഷ്കരണമാണ് യഥാർഥത്തിൽ വേണ്ടത്. ഇസ്‌ലാമിക ഗവൺമെന്റ് ഒരേസമയം വ്യക്തികളുടെയും സമൂഹത്തിന്റെയും താൽപര്യങ്ങൾ സംരക്ഷിക്കണം. സർക്കാറിന്റെ പ്രവർത്തനം ഒരു വ്യവസായിയുടെയോ കച്ചവടക്കാരന്റെയോ ഭൂവുടമയുടേതോ ആവരുത്, നീതിയും നന്മയും പരിപോഷിപ്പിക്കാനും എല്ലാ തിന്മകളും നിർമാർജനം ചെയ്യാനുമാവണം. മുതലാളിത്ത-കമ്യൂണിസ വീക്ഷണങ്ങൾക്ക് കടകവിരുദ്ധമായിരുന്നു ഈ സമീപനങ്ങൾ.

പണ്ഡിതന്മാരുടെ പാത പിൻതുടർന്ന മൗദൂദി ദാരിദ്ര്യ നിർമാർജനം ലക്ഷ്യം വെച്ച് ഉള്ളവരിൽനിന്ന് ഇല്ലാത്തവരിലേക്കുള്ള സമ്പത്തിന്റെ ഒഴുക്കിനെ പ്രോത്സാഹിപ്പിച്ചു. അതിനായി ധനികരോട് ലളിത ജീവിതം നയിച്ച് മുൻകാല മുസ്‌ലിംകൾ ചെയ്തതുപോലെ മിച്ച വിഭവങ്ങൾ ഇല്ലാത്തവരിലേക്ക് കൈമാറാൻ നിർദേശിച്ചു. എന്നാൽ നവീന യുഗത്തിൽ ഇതിന്റെ പ്രായോഗികതയെക്കുറിച്ച് അദ്ദേഹം സംശയാലുവായിരുന്നു; അതിനാൽ ഒരു മധ്യമ സമീപനമാണ് സ്വീകരിച്ചത്. ആവശ്യങ്ങൾക്കു ശേഷം മിച്ചം വരുന്ന സമ്പത്ത് സമ്പാദിക്കാനും നിക്ഷേപിക്കാനും പ്രോത്സാഹിപ്പിച്ചു. അതുവഴി സകാത്തും സ്വദഖയും വർധിപ്പിക്കാൻ ആഹ്വാനം ചെയ്തു. ധനവിതരണം യാഥാർഥ്യമാവാനും ആവശ്യക്കാർക്ക് ലഭ്യമാക്കാനും സഹകരണ സംഘങ്ങൾ ആരംഭിക്കാൻ ശ്രമങ്ങൾ നടത്തി. സമ്പത്തിന്റെയും വരുമാനത്തിന്റെയും ഫലപ്രദമായ പുനർവിതരണം യാഥാർഥ്യമാക്കാൻ സകാത്ത്, സ്വദഖ എന്നിവക്കുള്ള പങ്ക് ഊന്നിപ്പറഞ്ഞു. സർക്കാറിന്റെ മാത്രം പ്രവർത്തനം കൊണ്ട് ക്ഷേമരാഷ്ട്രം യാഥാർഥ്യമാവില്ല. ദാരിദ്ര്യ നിർമാർജനവും സാമൂഹിക ക്ഷേമവും ലക്ഷ്യം വെച്ച് പാശ്ചാത്യ രാഷ്ട്രങ്ങൾ മുൻഗണന നൽകുന്ന ജോലി സാഹചര്യം മെച്ചപ്പെടുത്തൽ, തൊഴിലില്ലായ്മാ വേതനം, ക്ഷേമ പെൻഷനുകൾ തുടങ്ങിയവയെ മൗദൂദി ഏറെ പ്രാധാന്യത്തോടെ കാണുന്നില്ല. അതേസമയം അവയെ അദ്ദേഹം വിമർശിച്ചതുമില്ല. അവ കൊണ്ടു മാത്രം ലക്ഷ്യം സാക്ഷാത്കരിക്കില്ല എന്ന് ഓർമപ്പെടുത്തുകയും ചെയ്തു.

പലിശ നിരോധനമാണ് സാമൂഹിക ക്ഷേമത്തിന് ഏറ്റവും പ്രധാനമെന്ന് അദ്ദേഹം സമർഥിച്ചു. എങ്ങനെ ഒരു പലിശരഹിത വ്യവസ്ഥ ഫലപ്രദമായി പ്രവർത്തിപ്പിക്കാമെന്ന് വരച്ചുകാണിച്ചു. ലാഭനഷ്ട പങ്കാളിത്ത രീതി(മുദാറബ, മുശാറക)യാണ് അദ്ദേഹം മുന്നോട്ടുവെക്കുന്നത്. കടാധിഷ്ഠിതവും വിൽപനാധിഷ്ഠിതവുമായ ആധുനിക ഇസ്‌ലാമിക് ഫിനാൻസിംഗ് രീതികളെ അദ്ദേഹം പ്രോത്സാഹിപ്പിക്കുന്നില്ല.

ആദ്യകാല മുസ്‌ലിം പണ്ഡിതന്മാരുടെ രചനകളിൽ പുനർവിതരണം വഴിയുള്ള സാമ്പത്തിക

വളർച്ചയെക്കുറിച്ച് അധികമൊന്നും പറയുന്നില്ല. ദാരിദ്ര്യ നിർമാർജനം, അടിസ്ഥാനാവശ്യ പൂർത്തീകരണം, അസമത്വം കുറക്കൽ എന്നിവക്കാണ് ആ രചനകളിൽ പ്രാധാന്യം. അതിനാൽ ദേശീയ വരുമാന വർധന അവയിലൊന്നും അത്ര പ്രധാനമായി വരുന്നില്ല. ദാരിദ്ര്യ നിർമാർജനത്തിനും അസമത്വങ്ങൾ കുറക്കുന്നതിലും വികസനത്തിനും വളർച്ചക്കുമുള്ള പങ്ക് ഒരേസമയം ഊന്നിപ്പറയുകയാണ് മൗദൂദി ചെയ്തത്. ദാരിദ്ര്യ നിർമാർജനം സാധ്യമായാലേ സാംസ്കാരിക പരിവർത്തനവും സാധ്യമാവൂ. അതുവഴി കാര്യക്ഷമത, പ്രവർത്തനക്ഷമത, ഗവേഷണ മനോഭാവം, കൂട്ടുത്തരവാദിത്വം തുടങ്ങിയ ഉന്നത ഗുണങ്ങൾ വളർന്നുവരും. വികസനം എങ്ങനെ പണപരവും നികുതിപരവും വാണിജ്യപരവുമായ നയങ്ങളെ സ്വാധീനിക്കും എന്നും മൗദൂദി വിശദീകരിച്ചു. പാരമ്പര്യ പണ്ഡിതന്മാരിൽനിന്ന് ഇത്തരം വിശകലനങ്ങൾ ലഭ്യമായിരുന്നില്ല. അതേകാലഘട്ടത്തിൽ ജീവിച്ചിരുന്ന മറ്റു പണ്ഡിതരിൽനിന്ന് വ്യത്യസ്തമായി വരുമാനനികുതി, ഇൻഷുറൻസ് തുടങ്ങിയ ആധുനിക രീതികളെയും മൗദൂദി അനുകൂലിച്ചു.

മൗദൂദി സാമ്പത്തിക ശാസ്ത്രജ്ഞനല്ലെങ്കിലും ഇസ്ലാമിക ആദർശത്തിൽ നിന്നുകൊണ്ട് ഇസ്ലാമിക സാമ്പത്തിക ശാസ്ത്രത്തെ സമഗ്രമായി വിശകലനം ചെയ്യാൻ ശ്രമിച്ചു. പ്രവാചകൻ ലോകത്തിനു സമർപ്പിച്ച സമഗ്രമായ ദീൻ യാഥാർഥ്യമാവാൻ വേണ്ടി യത്നിച്ചപ്പോൾ, ഒരിക്കലും മാറ്റി നിർത്താനാവാത്ത സാമ്പത്തികമേഖലയെ വിശകലനം ചെയ്യേണ്ടത് അനിവാര്യമായതിനാലായിരിക്കണം അദ്ദേഹം അതിന് മുതിർന്നത്. ഇസ്ലാം വെറും ആരാധനാ പ്രാർഥനാ ക്രമങ്ങൾ മാത്രമായി വിലയിരുത്തപ്പെടുകയും ജീവിതത്തിന്റെ മറ്റു മേഖലകളിലുള്ള എന്നാൽ ഏറെ സുപ്രധാനമായ ഇസ്ലാമിക നിർദേശങ്ങൾ പണ്ഡിതന്മാർ പോലും വിസ്മരിക്കുകയും ചെയ്ത ഘട്ടത്തിലാണ് മൗദൂദി ഈ ദൗത്യം ഏറ്റെടുത്തത്. സോഷ്യലിസത്തെ ലോകമെങ്ങും പുൽകിക്കൊണ്ടിരുന്ന, അത് ദരിദ്രരുടെ മോചനത്തിനുള്ള ഏക രക്ഷാമാർഗമായി മുസ്ലിംകൾ പോലും മനസ്സിലാക്കുകയും ചില ബുദ്ധിജീവികൾ ഇസ്ലാമിക സോഷ്യലിസം എന്ന പുതിയ കാഴ്ചപ്പാടുകൾ മുന്നോട്ടുവെക്കുകയും ചെയ്തപ്പോഴാണ് ഇസ്ലാമിന്റെ സമഗ്രത ലോകത്തിനു മുന്നിൽ അവതരിപ്പിച്ചും മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം ഇവിടെയുണ്ട് എന്ന് എടുത്തു പറഞ്ഞും മൗലാനാ മൗദൂദിയുടെ രംഗപ്രവേശം. ഇത് മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും ഇസ്ലാമിക ലോകത്തേക്കുള്ള കടന്നാക്രമണത്തെ പ്രതിരോധിച്ചു. മുസ്ലിം സമൂഹത്തിന് ലക്ഷ്യവും കാഴ്ചപ്പാടും ദിശയും നിർണയിച്ചു. പിൽക്കാലത്ത് ഇസ്ലാമിക സാമ്പത്തിക ശാസ്ത്ര-ഫിനാൻസ് രംഗത്തുണ്ടായ പുത്തൻ പരീക്ഷണങ്ങൾക്കും കണ്ടെത്തലുകൾക്കും പ്രചോദനമായി. അതിനാൽ തന്നെ അദ്ദേഹത്തിന്റെ സംഭാവനകളെ അവഗണിച്ചുകൊണ്ട് ഈ രംഗത്തുള്ള ഒരു ഗവേഷണവും പൂർണമാവില്ല. ■

(ജിദ്ദയിലെ ഇസ്ലാമിക് റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (IRTI) ഗവേഷണ ഉപദേഷ്ടാവാണ് ലേഖകൻ)

**വിവ: മുഹമ്മദ് പാലത്ത്**